**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 204** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ആക്സിഡന്റ് ട്രോമാ കെയർ സ്ഥാപിക്കുന്ന വിഷയം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ആക്സിഡന്റ് ട്രോമാ കെയർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | പ്രസ്തുത ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്ലാൻ പ്രൊപ്പോസൽ, 2023-2024 ലെ വാർഷിക പദ്ധതിയായ “Emergency Medical Care Unit” ൽ 1,28,10,600/- (ഒരു കോടി ഇരുപത്തി എട്ട് ലക്ഷത്തി പതിനായിരത്തി അറുനൂറ് രൂപ) യുടെ എസ്റ്റിമേറ്റായി ഉൾപ്പെടുത്തുകയും ആയതിൽ നിന്ന് 10,56,700/-(പത്ത് ലക്ഷത്തി അൻപത്തി ആറായിരത്തി എഴുന്നൂറ് രൂപ) ആരോഗ്യ വകുപ്പ് ഡയറക്ടർ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ